## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1563** — **04-10-2016-ൽ മറുപടിയ്ക്ക്**

### കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br><br>ശ്രീ. എം. എം. മണി | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം കുടുംബസമേതം അപേക്ഷകൻ വീടിനു മുൻപിൽ നിൽക്കുന്ന ഫോട്ടോ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്ക് ഈ നിർദ്ദേശം ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇപ്രകാരമുള്ള ഒരു ഫോട്ടോ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നതിന്റെ പ്രായോഗികത വിശദീകരിക്കാമോ; | (സി) | രോഗിയുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കാൻ വേണ്ടിയാണ് ഈ നിർദ്ദേശം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ ഈ നിർദ്ദേശം പിൻവലിക്കുന്നതിനും ഈ നിർദ്ദേശം ഒഴിവാക്കിയുള്ള അപേക്ഷ ഫോം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.